**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1029** — **10-08-2023 - ൽ മറുപടിയ്ക്ക്**

**എടപ്പറ്റ, കീഴാറ്റൂർ പഞ്ചായത്തുകളിലെ വന്യമൃഗ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ എടപ്പറ്റ പഞ്ചായത്തിലെ മൂനാടി പ്രദേശത്തെ രൂക്ഷമായ വന്യമൃഗശല്യം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ സൗത്ത് ഡിവിഷന് കീഴിൽ വരുന്ന മഞ്ചേരി നിയോജക മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടി പ്രദേശത്ത് വന്യമൃഗ ശല്യം പരിഹരിക്കാൻ കാളികാവ് റെയിഞ്ചിലെ കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് നിരന്തരമായി പട്രോളിംഗ് നടത്താറുണ്ട്. കൂടാതെ രണ്ട് വാച്ചർമാരുടെയും സ്റ്റാഫിന്റെയും സാന്നിദ്ധ്യം സ്ഥിരമായി ടി ഭാഗത്ത് ഉറപ്പ് വരുത്തുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ആർ.ആർ.ടി-യുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) | കീഴാറ്റൂർ പഞ്ചായത്തിലെ മുള്ളിയ കുറിശ്ശി പ്രദേശത്ത് പുലി, പന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കാളികാവ് റെയിഞ്ചിലെ കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷനിലെ മുള്ളിയകുറിശ്ശി പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്നറിഞ്ഞതിനെ തുടർന്ന് ടി സ്ഥലത്ത് വനം വകുപ്പ് ക്യാമറ സ്ഥാപിച്ച് നിരീക്ഷണം നടത്തിയെങ്കിലും പുലിയെ കണ്ടെത്തിയിട്ടില്ല. കൂടാതെ 27.05.2023 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2023/വനം പ്രകാരം, കൃഷിനാശം വരുത്തുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കീഴാറ്റൂർ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

സ.ഉ.(കൈ) നം.11/2023/F&WLD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - നാട്ടിലേക്കിറങ്ങുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളുമടങ്ങുന്ന ഉത്തരവുകളുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.11/2023/F&WLD    തീയതി,തിരുവനന്തപുരം, 27-05-2023

---

പരാമർശം:-
1. 18.05.2020ലെ സ.ഉ(സാധാ) 111/2020/വനം നമ്പർ ഉത്തരവ്
2. 18.11.2020ലെ സ.ഉ(സാധാ) 284/2020/വനം നമ്പർ ഉത്തരവ്
3. 11.01.2021ലെ സ.ഉ(സാധാ) 5/2021/വനം നമ്പർ ഉത്തരവ്
4. 28.01.2021ലെ സ.ഉ(സാധാ) 25/2021/വനം നമ്പർ ഉത്തരവ്
5. 29.05.2021ലെ സ.ഉ(സാധാ) 159/2021/വനം നമ്പർ ഉത്തരവ്
6. 05.05.2022ലെ സ.ഉ(കൈ) 23/2022/വനം നമ്പർ ഉത്തരവ്
7. 28.05.2022ലെ സ.ഉ(കൈ) 29/2022/വനം നമ്പർ ഉത്തരവ്
8. 31.05.2022ലെ സ.ഉ(സാധാ)239/2022/വനം നമ്പർ ഉത്തരവ്
9. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 18.05.2023 -ലെ KFDHQ/3331/2021 - CWW/WL11 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് കാലാകാലങ്ങളിൽ പരാമർശ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ honorary wildlife വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്തു അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന് അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് നൽകാൻ അധികാരപ്പെടുത്തിക്കൊണ്ട് പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം honorary wildlife വാർഡന് / അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്യുവാൻ പരാമർശം (8) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവുകളുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ് എന്ന്

സ.ഉ.(കൈ) നം.11/2023/F&WLD

പരാമർശം (9) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച അധികാരങ്ങൾ ദീർഘിപ്പിച്ചു നൽകേണ്ട സാഹചര്യം സംസ്ഥാനത്തു നിലവിലുള്ളതിനാൽ പരാമർശം (7), (8) സർക്കാർ ഉത്തരവുകളുടെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പകർപ്പ് - അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്
ജില്ലാ കളക്ടർമാർ
സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം
വഴുതക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
(വൈൽഡ് ലൈഫ്) & ചിഫ് വൈൽഡ് ലൈഫ് വാർഡൻ,
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്),
കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്